# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4910** 18.12.2014-ൽ മറുപടിയ്ക്ക്

## പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പണിയുന്ന റോഡുകളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.അജിത്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പണിയുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിലെ നിബന്ധനകൾ അനുസരിച്ച് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നതെന്നും നിബന്ധനകൾ ലംഘിച്ചാലുണ്ടാകുന്ന നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ; | (എ) പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പണിയുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. ലാബുകളിലെ ഉദ്യോഗസ്ഥർ പ്രവൃത്തി നടക്കുന്ന സ്ഥലങ്ങളിൽ 'റാൻഡം' സന്ദർശനം നടത്തി നിശ്ചിത അളവിലുള്ള സാമ്പിളുകൾ ശേഖരിക്കുകയും, പ്രവൃത്തി സ്ഥലത്തുവച്ച് പരിശോധിക്കാനുള്ളത് അവിടെവച്ചും, ബാക്കിയുള്ളവ ഗുണനിലവാര പരിശോധന ലാബുകളിൽ വെച്ചും പരിശോധന നടത്തുന്നു. പരിശോധനാഫലങ്ങൾ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ചീഫ് എഞ്ചിനീയർമാർക്കും അയച്ചുകൊടുക്കുന്നു. ഗുണനിലവാര നിയന്ത്രണ വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമായും അവരുടെ ടെസ്റ്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുമാണ് കരാറുകാരുടെ ബിൽ പാസ്സാക്കി നൽകുന്നത്. നിബന്ധന ലംഘിച്ചാൽ കരാറുകാരന്റെ ബില്ലിൽ നിന്നും നഷ്ടപരിഹാര തുക ഈടാക്കുന്നതാണ്.<br>ദേശീയപാതാ വിഭാഗത്തിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങളുടെ കരാറുകൾ സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റിലെ നിബന്ധനകൾക്ക് അനുസരിച്ചാണ്. പ്രസ്തുത ഡോക്യുമെന്റിലെ നിബന്ധനകൾ പ്രകാരം പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ എല്ലാ സംവിധാനങ്ങളോടും കൂടിയ ലബോറട്ടറി സംവിധാനങ്ങൾ കരാർ പ്രകാരം കോൺട്രാക്ടർ സൈറ്റിൽ സ്ഥാപിക്കേണ്ടതും ടെസ്റ്റുകൾ നടത്തി ഗുണനിലവാരം ഉറപ്പാക്കേണ്ടതുമാണ്. കൂടാതെ 40 മി.മീ. വരെ ഘനം വരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് |

1 വർഷവും അതിൽ കൂടുതൽ ഘനം വരുന്ന ബിറ്റുമിൻ പ്രവൃത്തികൾക്ക് 3 വർഷം ഡിഫക്ട് ലയബിലിറ്റി പിരീഡും ബാധകമാക്കിയിട്ടുണ്ട്. ഈ കാലഘട്ടത്തിൽ വരുന്ന പ്രവൃത്തിയിലെ തകരാറുകൾ കരാറുകാരന്റെ ചെലവിൽ ചെയ്ത് ശരിയാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| (ബി) | പി.ഡബ്ല്യു.ഡി. റോഡുകൾ നിശ്ചിത കാലാവധിക്കു മുമ്പ് ദുർബലമായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | നിശ്ചിത കാലാവധിയ്ക്കകം റോഡ് തകരുകയാണെങ്കിൽ പ്രവൃത്തി ചെയ്ത കരാറുകാരനെ കൊണ്ട് തന്നെ തകരാർ പരിഹരിക്കാൻ വ്യവസ്ഥയുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം വകുപ്പ് തലത്തിൽ അന്വേഷണം നടത്തി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഈ നിബന്ധനകൾ എന്നുമുതൽ നിലവിൽ വന്നതാണെന്നും വ്യക്തമാക്കുമോ ? | (സി) | ക്വാളിറ്റി സർട്ടിഫിക്കറ്റുകളും മറ്റു നിബന്ധനകളും 01.09.2014 മുതൽ നിർബന്ധമാക്കി കൊണ്ട് സർക്കാർ സർക്കുലർ നം.10434/സി3/2014/പൊ.മ.വ. തീയതി 04.09.2014 പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ